# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 — 17.06.2014 ൽ മറുപടിയ്ക്ക്

## നബാർഡിന്റെ കാർഷിക പുനർവായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പുനർ വായ്പ നൽകുന്നതിന് നബാർഡ് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത് മൂലം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും കൃഷിക്കാർക്ക് കാർഷിക വായ്പ ലഭിക്കാതിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതുമൂലം കാർഷിക മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുനർ വായ്പ<br>(ബി) ലഭ്യമാക്കുന്നതിന് നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിയ്ക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് 2013-14 വർഷം പുനർ വായ്പ ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും 1250 കോടി രൂപ നൽകിയിട്ടുള്ളതിനാൽ കൃഷിക്കാർക്ക് കാർഷിക വായ്പ ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. |
| (സി) സംസ്ഥാന സർക്കാരും നബാർഡും തമ്മിലുള്ള ധാരണക്കുറവ് മൂലമാണ് കാർഷിക പുനർ വായ്പ സഹായം നഷ്ടമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കമോ; | (സി) നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വായ്പാ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കിന് പാലിക്കാൻ കഴിയാത്തതിനാലാണ് പുനർവായ്പാ നബാർഡിൽ നിന്ന് ലഭ്യമാകാത്തത്. |

(ഡി) കാർഷിക മേഖലയിൽ പുനർവായ്പ നൽകുന്നതടക്കമുള്ള നബാർഡിന്റെ നിലപാടുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന വ്യക്തമാക്കുമോ?

(ഡി) കാർഷിക മേഖലയിൽ പുനർവായ്പ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്ക്, സ്വന്തം ഫണ്ടിൽ നിന്ന് 1250 കോടി രൂപ കാർഷിക വായ്പ നൽകിയതിലൂടെ കാർഷിക മേഖലയിലെ ഹ്രസ്വകാല വായ്പ പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ